# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26




**ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചേരാനല്ലൂർ, കൂവപ്പടി**

**എറണാകുളം ജില്ല, പിൻ - 683544**

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ ചേരാനല്ലൂർ, കുവപ്പടി |
| വിലാസം | : | കുവപ്പടി പി.ഒ. പെരുമ്പാവൂർ, പിൻ :683544. |
| ഫോൺ | : | 0484-2640869 (HS). 0484-2640885 (HSS). |
| സ്കൂൾ കോഡ് | : | 27020 (HS), 07163 (HSS) |
| വിദ്യാഭ്യാസ ഉപജില്ല | : | പെരുമ്പാവൂർ |
| വിദ്യാഭ്യാസ ജില്ല | : | കോതമംഗലം |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി.ആർ.സി. | : | പെരുമ്പാവൂർ |
| ഗ്രാമ പഞ്ചായത്ത് | : | കുവപ്പടി |
| ബ്ലോക്ക് പഞ്ചായത്ത് | : | കുവപ്പടി ഡിവിഷൻ |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം (കോടനാട് ഡിവിഷൻ ) |
| നിയമസഭാ മണ്ഡലം | : | പെരുമ്പാവൂർ |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| താലൂക്ക് | : | കുന്നത്തുനാട് |
| വില്ലേജ് | : | കുവപ്പടി |
| ഇ-മെയിൽ | : | cheranalloor27020@yahoo.in |

# ആമുഖം

എ ഡി 1906-ൽ രാജ്യഭരണകാലത്ത് ചേരാനല്ലൂർ പകുതിയിൽ (പിന്നീട് ചേരാനല്ലൂർ വില്ലേജ്) ആദ്യമായി ആരംഭിച്ച സ്കൂൾ ആയതിനാൽ ഈ സ്കൂളിന് ഔദ്യോഗിക രേഖകളിൽ '' ചേരാനല്ലൂർ സ്കൂൾ '' എന്ന പേര് നൽകി കുന്നത്തുനാട്ടിൽ ഏറ്റവും ഉയർന്ന ഒരു കുന്നിൽ സ്ഥിതി ചെയ്യുന്നതിനാൽ 'കുന്നുമ്മേൽ സ്കൂൾ' എന്നും അറിയപ്പെടുന്നു.

ഈ സ്കൂളിന്, കേരളസർക്കാർ അധീനതയിലുള്ള 4 ഏക്കർ 28 സെന്റ് ഭൂമിയുള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. 1965-ൽ യു. പി. സ്കൂളായും, 1980-ൽ ഹൈസ്കൂളായും 2004-ൽ ഹയർ സെക്കൻററി സ്കൂളായും ഉയർത്തപ്പെട്ടു. എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം 96 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 2004-05 വർഷം മുതൽ പ്രീപ്രൈമറി വിഭാഗവും. 2005-06 വർഷം മുതൽ ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചു.

119 വർഷം പഴക്കമുള്ളതും, കൂവപ്പടി പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളുമായ ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷക തൊഴിലാളികളുടേയും. കർഷകരുടേയും, ചെറുകിട കച്ചവടക്കാരുടേയും, കൂലിപ്പണിക്കാരുടേയും, അന്യസംസ്ഥാന തൊഴിലാളികളുടേയും മക്കളാണ്.

പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ, അഞ്ഞൂറോളം കുട്ടികൾ പഠിക്കുന്ന, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനമായ ഈ സ്കൂൾ, പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നു. ഒരു പൊതുവിദ്യാലയത്തിന്റെ എല്ലാ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഈ നിയോജക മണ്ഡലത്തിൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ തലങ്ങളിൽ ഏറ്റവും മികച്ച വിജയശതമാനം നേടിയെടുക്കുവാൻ സാധിച്ചു. അർപ്പണ മനോഭാവവും, എം.എഡ്, NET, SET മുതലായ യോഗ്യതയുമുള്ള മികച്ച അധ്യാപകരുടെ സേവനവും. ഈ സ്കൂളിലെ വിജയശതമാനം ഉയർത്തുന്നതിന് സഹായകമാവുന്നു. അച്ചടക്കവും, പഠനമികവും, നല്ല ശീലങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുന്നതിനായി യോഗ, കൗൺസിലിങ്ങ് ക്ലാസുകൾ, തായ്ക്വോണ്ടാ പരിശീലനം .ലിറ്റിൽ കൈറ്റ്സ്, JRC തുടങ്ങിയവ നടത്തി വരുന്നു. ഇൻഫർമേഷൻ ടെക്നോളജിയിൽ വിദഗ്ധരായ അധ്യാപകരുടെ സേവനവും ലാബ് സൗകര്യങ്ങളും ഉയർന്ന ക്ലാസുകളെ കൂടുതൽ മികച്ചതാക്കുന്നു. ഒന്നു മുതൽ പ്ലസ് ടു വരെയുള്ള എല്ലാ ക്ലാസുകളും ഹൈടെക് ക്ലാസ്മുറികളാണ്. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും പ്രകൃതിസ്നേഹം നില നിർത്തുന്നതിനും സഹായിക്കുന്ന പരിസ്ഥിതി ക്ലബ്. എൻ.എസ്.എസ്. സീഡ് . സൗഹൃദക്ലബ്, സ്കൂൾ സുരക്ഷ

സമിതി, ഹെൽത്ത് ക്ലബ്, റോഡ് സുരക്ഷാക്ലബ്, ഹെൽപ്പ് ഡസ്ക് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നിരവധി അഗീകാരങ്ങൾ നേടിയെടുത്ത് ഈ വിദ്യാലയത്തിന്റെ യശസ്സ് പതിൻമടങ്ങ് ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രതിനിധികളുടെ പ്രോത്സാഹനവും സഹകരണവും ഈവിദ്യാലയത്തിന് ലഭിച്ചുവരുന്നു.

2025 മാർച്ചിലെ S.S.L.C. പരീക്ഷയിൽ 100% വിജയം കൈവരിച്ച കുവപ്പടി പഞ്ചായത്തിലെ ഏകവിദ്യാലയം
ഹയർസെക്കൻററി (പ്ലസ് ടു ) പരീക്ഷയിൽ 90% വിജയം.

Inclusive Education പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. തൈകോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും  പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകുന്നു.
അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരം നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതരപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്നും ഇവ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല

28 ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിത ശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br>2. ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘ ടിപ്പിക്കൽ<br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br>4. ഇംഗ്ലീഷിൽ ഡയറി എഴുത്ത് -ഓരോ കുട്ടിയും | എല്ലാ ദിവസവും തുടർച്ചയായി<br>ആഴ്ച്ചയിൽ ഒരു ദിവസം ഒരു വർഷ ത്തേക്ക്<br>ആഴ്ച്ചയിൽ ഒരു ദിവസം<br>എല്ലാ ദിവ സവും തുടർച്ച യായി | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപ കർ | |
| ഉപമേഖല: ഇംഗ്ലീഷ് പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ \| സർഗ്ഗാത്മക ശേഷി വികസനം | 1. ഇംഗ്ലീഷ് കഥ, കവിത രചനാ ക്യാമ്പ്. ഉൽപ്പന്ന ങ്ങൾ പ്രസിദ്ധീകരി ക്കൽ (CPTA കാണിക്കൽ). | 3 മാസ ത്തിൽ ഒരിക്കൽ 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 1000/ പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധി യോടെ ഭാഷ ഉപ യോഗിക്കുന്നതി നുള്ള ശേഷി നേടൽ | 2. പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങ ളിലേക്ക് മാറ്റി അവതരണം, സ്കിറ്റ്, സംഭാഷണം, നാടകം, തുടങ്ങിയ രീതികൾ.<br>3. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>സ്കൂൾ അധിക സമയം കമ (9 to 10, 4 to 5) ത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്സ് | മാസത്തിൽ ഒരിക്കൽ.<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ച്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി,<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | പി റ്റി എ |
| വായന പരിപോഷി പ്പിക്കൽ | ക്ലാസ് ലൈബ്രറി യിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ ങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊ ള്ളിക്കൽ വായനാ കുറിപ്പ് തയ്യാറാ ക്കൽ | ആഴ്ച്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| കുട്ടികളുടെ രചന കൾ സമൂഹത്തി ലേക്ക് | കുട്ടികളുടെ രചന കൾ സ്കൂൾ വിക്കി യിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

| ഉപമേഖല – മലയാളം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പി ക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ, SRG | PTA |
| 2. എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം. രൂപീകരി ക്കൽ<br>2. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>3. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>4.റീഡിംഗ് റൂം പ്രത്യേക സൗക ര്യമൊരുക്കൽ<br>5. വായനോത്സവം<br>6. ജന്മദിന പുസ്തകം | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച് | വിദ്യാരംഗം ഇൻ ചാർജ് മലയാളം ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ലൈബ്രറി ഇൻ ചാർജ്<br>മലയാളം ടീച്ചർ ക്ലാസ് ടീച്ചർ | |

| ഉപമേഖല - ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടി<br>കൾക്കും മാതൃ<br>ഭാഷ കൈകാ ര്യം<br>ചെയ്യുന്നതു<br>പോലെ ഹിന്ദി<br>യിൽ എഴുതാ നും<br>വായിക്കാ നുമുള്ള<br>കഴിവ് ഉാക്കുക. | 1. ഹിന്ദി<br>വായനാക്കാർഡുകൾ വായിക്കാനു<br>ള്ള സൗകര്യം ഒരു ക്കുക.<br>2. ലൈബ്രറിയിൽ<br>ഹിന്ദിയിലുള്ള ചെറുപുസ്തക ങ്ങൾ<br>എത്തിച്ച് വായന പ്രോത്സാ<br>ഹിപ്പിക്കുക.<br>3. ഹിന്ദി ക്ലബ്ബിനെ<br>ഊർജ്ജസ്വലമാക്കി കൂടുതൽ<br>ശക്തിപ്പെ ടുത്തുകയും<br>ആകർഷകമാക്കുകയും ചെയ്യുക.<br>4. ഹിന്ദിഭാഷയിൽ അസംബ്ലി<br>നടത്തുക<br>5. ഹിന്ദി റോൾ പ്ലേ,<br>കൊറിയോഗ്രാഫി നടത്തുക.<br>6. കുട്ടികളെ കൊണ്ടു ചെറുചെറു<br>വിഷയങ്ങളിൽ എഴുതാനുള്ള കഴിവ്<br>വർദ്ധിപ്പിക്കുക<br>7. ഹിന്ദി പ്രസംഗം,<br>കവിതാലാപനം ഇവ<br>പരിപോഷിപ്പി ക്കുക. | 2 മാസം<br><br>മാസത്തിൽ<br>ഒരു തവണ<br><br>2 മാസം<br><br>2 മാസം<br><br>1 വർഷം | ഹിന്ദി<br>ടീച്ചർ<br><br>ഹിന്ദി<br>ടീച്ചർ<br><br>ഹിന്ദി<br>ടീച്ചർ<br><br>ഹിന്ദി<br>ടീച്ചർ<br><br>ഹിന്ദി<br>ടീച്ചർ | |

| ഉപമേഖല: കലാവിദ്യാഭ്യാസം പ്രവർത്തനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കലാമികവുള്ളവർക്ക് പരിശീലനം<br><br>2.പത്രവായന പരിപോഷിപ്പിക്കുക | കലാ വാസനകൾ കുട്ടികളെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ.<br><br>പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പി ലൂടെ ലഭ്യമാക്കൽ.<br><br>ഓരോ ക്ലാസിനും ഓരോ പത്രം രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ആഴ്ച്ചയിൽ 1 ദിവസം<br><br>ദിവസേന<br><br>ആഴ്ച്ചയിൽ ഒരു ദിവസം | SRG<br><br>വിദ്യാരംഗം ഇൻ ചാർജ്<br><br>മലയാളം അധ്യാപകർ | PTA |
| 3. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കു വെക്കൽ<br><br>സാഹിത്യക്വിസ്- ര ചനാ ശില്പശാല (കവിത,കഥ) കവിതാലാപന മത്സരം<br><br>ക്ലാസ്തല,<br><br>സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br><br>പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന<br><br>അമ്മമാർക്കൊരു പുസ്തകം (വീടുക ളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരു ദിവസം<br>വർഷത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br><br>മാസത്തിൽ 1 തവണ<br>6 മാസ ത്തിൽ ഒരിക്കൽ<br>6 മാസ ത്തിൽ ഒരിക്കൽ<br><br>മാസത്തിൽ 1 തവണ | SRG<br>വിദ്യാരംഗം<br><br>വിദ്യാരംഗം SRG<br><br>മലയാളം അധ്യാപകർ<br><br>ക്ലാസ് ടീച്ചർ | PTA<br><br>PTA |

| ഉപമേഖല: പ്രവൃത്തിപരിചയം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പ്രവൃത്തി പരി ചയ പരിശീലനം | തല്പരരായ കുട്ടിക ൾക്ക് പ്രവൃത്തി പരി ചയത്തിൽ പരിശീ ലനം നൽകി മികച്ചഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവ നം ഉപയോഗപ്പെട്ടു ത്തൽ. | 1 വർഷത്തിൽ 1 മാസം | വർക്ക് ഇൻസ് ട്രക്ടർ | |
| സ്ടീം പദ്ധതി | കുട്ടികളിൽ ഇലക്ട്രോണിക് സ് , റോബോട്ടിക് സ് പ്രവർത്തനങ്ങളിൽ പരിശീലനവും സ്വയം പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള അവസരം | 1 വർഷം | ബി ആർ സി | CUSAT Ernakulam |

| ഉപമേഖല: ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച്| വരെ പ്രധാന ദിനാച രണങ്ങൾ പാഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | |

| ഉപമേഖല—ആരോഗ്യ കായികവിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ വിദ്യാഭ്യാസം ഫലപ്രദമാക്കൽ | വിവിധ കായികയിനങ്ങളിൽ പരിശീലനം<br><br>ഇൻഡോർ ഗെയിം പരിശീലനം | എല്ലാ ദിവസവും<br><br>എല്ലാ ദിവസവും | കായികാധ്യാപകൻ<br><br>കായികാധ്യാപകൻ | |
| ദന്തസംരക്ഷണം | എൽ പി വിഭാഗം കുട്ടികളിൽ ദന്തസംരക്ഷണം ഉറപ്പാക്കാൻ ഉച്ചസമയത്ത് ബ്രഷിംഗ് | എല്ലാ ദിവസവും | ക്ലാസ് അധ്യാപകൻ | അമൃത ഹോസ്പിറ്റൽ |
| ഷീ ജിം | പെൺകുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | എല്ലാ ദിവസവും | കായികാധ്യാപകൻ | |
| ഓപ്പൺ ജിം | കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | എല്ലാ ദിവസവും | കായികാധ്യാപകൻ | |

| ഉപമേഖല—പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഔഷധ തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | ഇക്കോക്ലബ് ജെ ആർ സി | പി ടി എ |

| | | | | |
|---|---|---|---|---|
| നാട്ടുമാവ് സംരക്ഷണം<br><br>കരനെൽക്കൃഷി<br><br>പച്ചക്കറിത്തോട്ടം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ<br><br>ഗ്രോ ബാഗിലും മണ്ണിലും നെൽ നട്ട് പരിപാലിക്കൽ<br><br>ഗ്രോ ബാഗിലും, ചട്ടികളിലും മണ്ണിലും പച്ചക്കറികൾ നട്ട് പരിപാലിക്കൽ | എല്ലാ ദിവസവും<br><br>4 മാസം<br><br>6 മാസം | ഇക്കോക്ലബ്<br><br>ഇക്കോക്ലബ്<br><br>ഇക്കോക്ലബ് | എം എൽ എ<br><br>ജില്ലാപഞ്ചായത്ത് |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷി പ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാ ക്കൽ | NMMS ഉൾപ്പെടെ യുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലന ത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടു തൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ അതാത് ക്ലാസ് അധ്യാപകർ | |

| ഉപമേഖല - സോഷ്യൽ സയൻസ്<br>പ്രവർത്തനം - മോക്ക് പാർലമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ<br><br>വർഷത്തിൽ 2 തവണ | SS Teachers സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |

| പ്രവർത്തനം--ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യ ക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട ങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ യിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ | SS Teachers | |
| **പ്രവർത്തനം--പഠനയാത്രകൾ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പഠനയാത്രക ളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്ര ങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുട ങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യ മുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠ നയാത്രകൾ | വർഷത്തിൽ 1 തവണ | S.S. ടീച്ചേർസ് | P T A |
| **പ്രവർത്തനം--സംവാദം, സെമിനാർ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ആനുകാലിക വിഷയങ്ങളെ ക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | |

## ഉപമേഖല - സയൻസ്

## പ്രവർത്തനം - ശാസ്ത്രാനുഭവം ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി- പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ.<br>2.സ്കൂൾ തല സയൻസ് എക്സി ബിഷൻ<br>3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടു ത്തുള്ള പഠനം ( സർവ്വെ, അഭിമുഖം, നിരീക്ഷണം) | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പി ടി എ<br>പി ടി എ |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി ടി എ |
| 3. ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസികശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | വർഷത്തിൽ 1 തവണ | SRG, സയൻസ് ടീച്ചർ | |
| 4. മോഡൽ, നിർമ്മാണം (ശില്പ ശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | സയൻസ് ടീച്ചർ | |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാ ശയങ്ങൾ ലളിത മായി അവതരിപ്പിക്കു കയും ചെയ്യുക<br>2. ജാമ്യതീയ രൂപ ങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമു റ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ | ലാബ് സജ്ജീ കരണം അവ ധിക്കാലത്ത്<br>ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ<br>പി.ടി.എ, ഗണിത ടീച്ചർ | |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറ പ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2. ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടി സ്ഥാനഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ<br>ജൂൺ | ഗണിത ടീച്ചർ<br>ഗണിത ടീച്ചർ | |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക് | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | |

| ഉപമേഖല : ഐ ടി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. English, മലയാളം ടൈപ്പിങ് ഉറപ്പാക്കൽ | Digital Diary, magazine എന്നിവ തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | IT അധ്യാപകർ | |
| 2. Video Editing | ദിനാചരണങ്ങളുടെ Documentation | വർഷം മുഴുവൻ | Little kites members | |
| 3. Robotics and Programming | IT മേള | വർഷത്തിൽ 1 തവണ | Little kites members,IT Club | |
| 4. IT മേളയ്ക്ക് ഒരുക്കൽ | Digital Painting Animation Web Page Designing എന്നിവയിൽ പരിശീലനം | 2 മാസം | IT അധ്യാപകർ | |

| ഉപമേഖല : കൗൺസിലിങ്ങ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധങ്ങളായ പ്രശ് നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺ സിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസി ലിങ്ങ് ടീച്ചർ | |

| മേഖല- അക്കാദമികം - സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| CPTA ശക്തി പ്പെടുത്തി മുഴുവൻ രക്ഷിതാ ക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മു ന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പ് വരുത്തലും | CPTA യോഗം കാര്യ ക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേ ട്ടങ്ങൾ, മികവുകൾ, പഠനതെളിവുകൾ എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു